# എൽ.പി
# സ്കൂൾ തലം
# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

VO X100 | ZEISS
18/2025, 13:03

# ആമുഖം

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. 2023 ജൂൺ മാസത്തിൽ അത്തരത്തിൽ ഒരു അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരുന്നു. ആ അക്കാദമിക മാസ്റ്റർപ്ലാൻ കുറച്ചുകൂടി മികച്ചരീതിയിൽ പ്രയോജനപ്പെടുത്തുന്നതിലേക്കായി. നിലവിലെ വിദ്യാലയസ്ഥിതിയുടെ അവസ്ഥാവിശകലനം കൃത്യമായി നടത്തി, നിലവിലെ മികവുകളും പരിമിതികളും പൂർണ്ണമായി തിരിച്ചറിഞ്ഞ്, ചർച്ച ചെയ്ത്, വേണ്ടത്ര കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും വരുത്തി

പുതിയ ഈ അക്കാദമിക മാസ്റ്റർപ്ലാൻ 2025 ഒക്ടോബർ മാസത്തിൽ തയ്യാറാക്കിയിരിക്കുന്നു. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരുംവർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ-പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

പി ടി എ പ്രസിഡന്റ്

ഹെഡ്മിസ്ട്രസ്സ്
ബേബി . കെ . ബി .

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | - ജി. എം. എൽ. പി. സ്കൂൾ തിരുവത്ര |
| മേൽവിലാസം | - കുഞ്ചേരി റോഡ്, തിരുവത്ര |
| സ്കൂൾ കോഡ് | - 24215 |
| ഫോൺ | - 0487 - 2615054 |
| പിൻകോഡ് | - 680516 |
| വിദ്യാഭ്യാസ ഉപജില്ല | - ചാവക്കാട് |
| വിദ്യാഭ്യാസ ജില്ല | - ചാവക്കാട് |
| റവന്യൂ ജില്ല | - തൃശൂർ |
| ബി ആർ സി | - ചാവക്കാട് |
| സി ആർ സി | |
| മുൻസിപ്പാലിറ്റി | - ചാവക്കാട് |
| ജില്ല | - തൃശൂർ |
| സംസ്ഥാനം | - കേരളം |
| ഇമെയിൽ അഡ്രസ്സ് | - gmlpsschool@gmail.com. |

vivo X100 | ZEISS
08/18/2025, 13:06

# ജി. എം. എൽ. പി. സ്കൂൾ തിരുവത്ര

തൃശൂർ ജില്ലയിൽ ചാവക്കാട് ഉപജില്ലയിൽ കനോലികനാലിന്റെ തീരം തഴുകി സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ 1928 ൽ സ്ഥാപിതമായി. ചാവക്കാട് നഗരസഭയിലെ 4-ാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. തിരുവത്ര ദേശത്ത് ഓത്തുപള്ളിക്കൂടമായാണ് സ്കൂൾ ആരംഭിച്ചത്. മത്രംകോട്ട് അച്യുതൻ വൈദ്യരുടെ അധീനതയിലുള്ള 70 സെന്റോളം വരുന്ന ഭൂമിയിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇത് പിന്നീട് സർക്കാറിന് വിട്ടു നൽകുകയും ക്രമേണ ജി. എം. എൽ. പി. എസ് തിരുവത്ര എന്ന നാമധേയത്തിൽ ഈ സ്കൂൾ ഇന്ന് അറിയപ്പെടുന്നു. അക്കാലത്ത് കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവന്നു.

2010-11 അധ്യയനവർഷത്തിൽ 19 കുട്ടികളായി കുറഞ്ഞ സാഹചര്യത്തിൽ, കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടാക്കാനുള്ള നിർദേശങ്ങൾ ആരാഞ്ഞുകൊണ്ട് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ പ്രദേശത്തെ സാംസ്കാരിക സംഘടനകളുടെയും സ്കൂൾ സംരക്ഷണ സമിതിയുടെയും വിപുലമായ ഒരു യോഗം ചേർന്ന് ഒരു പ്രീ-പ്രൈമറി ക്ലാസ് തുടങ്ങുവാൻ തീരുമാനിക്കുകയും 2011-12 അധ്യയനവർഷത്തിൽ പ്രീ-പ്രൈമറി ക്ലാസ് ആരംഭിക്കുകയും ചെയ്തു.

VO X100 | ZEISS
18/2025, 13:06

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. ഒന്നാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ് ആർ. ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

7 ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യത്യസ്ത പിടിഎ / കോർണർ പി.ടി.എ.കൾ എന്നിവ ചേരും.

8. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറും.

10. ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ.

13 ഹരിതസേന രൂപീകരിക്കൽ.

14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

15 വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അവസ്ഥാപഠനം.

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകസമൂഹം.
- ആധുനികരീതിയിൽ നവീകരിക്കുവാൻ പോകുന്ന ശിശുസൗഹൃദമായ കെട്ടിടസമുച്ചയം.
- ലൈബ്രറി, കമ്പ്യൂട്ടർ പഠനസൗകര്യം.
- ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് 'അമ്മയുമൊത്ത്' എന്ന പ്രത്യേകപിന്തുണപ്രവർത്തനങ്ങൾ.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.

vivo X100 | ZEISS
08/18/2025, 13:06

- സർഗ്ഗാത്മകവേദി, ആശയപ്രകടനവേദികൾ, ജനാധിപത്യവേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കാർഷിക പ്രവൃത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുന്നു.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- മികച്ച ലാബ്, ലൈബ്രറി, സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടനുള്ള അവസരമില്ല.
- വായനക്ക് നല്ല പ്രോത്സാഹനം കുട്ടികൾക്ക് നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്

- മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.
- IED കുട്ടികളുടെ പഠനപിന്തുണാസംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു.. ഒ ഫോൺ കണക്ഷൻ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

vivo X100 | ZEISS
08/18/2025, 13:07

## ഇംഗ്ലീഷ്

1. ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്രനോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ്തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം.

1. നിർമ്മാണാത്മക കഴിവുകൾ എല്ലാം കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതരവിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം.

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ പ്രയോജനപ്പെടുത്തുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം.

1. അടിസ്ഥാനഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

vivo X100 ZEISS
08/18/2025, 13:07

## പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രലോകത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം.

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

vivo X100 | ZEISS
08/18/2025, 13:07

## ആരോഗ്യകായിക വിദ്യാഭ്യാസം.

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായികവിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരമുണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്.

1. എല്ലാ കുട്ടികളുടെയും ആശയം ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധി

vivo X100 | ZEISS

ഷിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠനനേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5. ഭാഷാ പഠനത്തിൽ ഐ. ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം. | |
| പാഠ്യപദ്ധതി വിനിമയം | കലാ-കായിക പ്രവൃത്തിപരിചയ പ്രവർത്തനങ്ങളിലെ പിന്നോക്കാവസ്ഥ | | ✓ | | വിദഗ്ദ്ധരായ അധ്യാപകരുടെ അഭാവവും സ്ഥല സൗകര്യക്കുറവുമാണ്. |
| പഠനാന്തരീക്ഷം | ക്ലാസ്മുറികളുടെ സജ്ജീകരണം. | | ✓ | | സ്കൂളിന്റെ ഇപ്പോഴത്തെ സ്ഥല പരിമിതി |
| | | | | | |

# മലയാളം

പ്രവർത്തനം - 1

പേര് : പുസ്തകം എന്റെ ചങ്ങാതി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വായന | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണം നൽകുന്നു | ആഴ്ചയിൽ ഒരു ദിവസം | ഹസീന ടീച്ചർ | | |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വായന | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | | |

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വായന | ഉച്ചഭാഷിണിയിലൂടെ ഒരു ദിവസം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | | |

പ്രവർത്തനം : 4

പേര് : അക്ഷരക്കൂട്ടം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വായന | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാമൂല ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | | |

പ്രവർത്തനം : 5
പേര് : ക്ലാസ്സ്‌തല കയ്യെഴുത്ത് മാഗസിൻ

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ലേഖനം | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്‌തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | | |

പ്രവർത്തനം - 6
പേര് : ക്ലാസ്സ്‌തല പതിപ്പുകൾ

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ലേഖനം | വിദ്യാലയ വിശേഷങ്ങൾ, പഠന പ്രവർത്തനങ്ങൾ എന്നിവ പങ്കുവെക്കുന്നു. ക്ലാസ്സ്‌തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | | |

vivo X100 | ZEISS
8/18/2025, 13:08

## പ്രവർത്തനം - 7

പേര് : എന്റെ വായനാക്കുറിപ്പുകൾ

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ലേഖനം | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായനാകാർഡ്) വായനാക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | | | | |
| | | | | | | |

## പ്രവർത്തനം - 8

പേര് : രചനോത്സവം

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | |
|---|---|---|---|---|---|---|
| | ലേഖനം | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാരരൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാക്ലബ് | | |

vivo X100 | ZEISS

പ്രവർത്തനം - 9
ഗോൾ : ആശയാവതരണരീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക.

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ആശയ ഗ്രഹണം | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ. | | |

# ഇംഗ്ലീഷ്

പ്രവർത്തനം 1
പേര് : ഇംഗ്ലീഷ് അസംബ്ലി

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | പ്രകടന വേദികൾ | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ലേഖനം | ഓരോ ദിവസവും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | ലേഖനം | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുക ; സെപ്റ്റംബർ – ഓണം<br>ജൂൺ – പരിസ്ഥിതി ; ഒക്ടോബർ – ഗാന്ധി<br>ജൂലൈ – ചന്ദ്രൻ ;<br>ആഗസ്റ്റ് – സ്വാതന്ത്ര്യദിനം; | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | | |

പ്രവർത്തനം : 4
പേര് : Reading Card workshop

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | വായനാ സാമഗ്രി | ചിത്രങ്ങളും ഉൾപ്പെടുത്തി ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | | |

പ്രവർത്തനം : 5
പേര് : Worksheet work shop

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | അധ്യാപക ശാക്തീകരണം | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂലൈ | എസ്.ആർ.ജി | | |

# അറബി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അറബി ഭാഷയിൽ അടിസ്ഥാനശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ട് മാസം | | | |
| 2. | വായന - കരിക്കുലം ലക്ഷ്യം വെക്കുന്ന ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു | • വായനാമത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാകുറിപ്പുകൾ<br>• അറബിക് പത്രവായന / | | | | |

vivo X100 | ZEISS

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പ്രവർത്തന ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | ലേഖനം<br>അറബി രചനോത്സവം | • പതിപ്പുകളുടെ നിർമ്മാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർ പത്രങ്ങൾ<br>• പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ<br>–<br>മാർച്ച് | | | |

# ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ്- |
|---|---|---|---|---|---|---|
| 1. | ശില്പശാല | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | | | |
| 2. | ഗണിത കേളികൾ | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ. | 2023-24 | | | |
| 3. | | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, | | | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | കളിനോട്ട്, കാർഡുകൾ തുടങ്ങിയവ | ജൂൺ | ക്ലാസ് ടീച്ചർ | | |
| 4. | യൂണിറ്റ് ടെസ്റ്റ് | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| 5 | ഗണിത ശേഷി ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിങ്ക് ചെയ്ത് നൽകുന്നു. ചിന്തനാ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | | |

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| | | സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | | | | |
| 6. | അടിസ്ഥാന ഗണിത ക്രിയകൾ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ, ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | | |
| | | | | | | |

vivo X100 | ZEISS

# പരിസരപഠനം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പരീക്ഷണം, നിരീക്ഷണം. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, പ്രോജക്ടുകൾ എന്നിവ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | | |
| 2. | ശാസ്ത്ര അവബോധം | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | | |

| [illegible] | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | [illegible] | |
|---|---|---|---|---|---|---|
| | | പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | | | | |
| 3. | നിരീക്ഷണം | മുഴുവൻ കുട്ടികൾക്കും- (3, 4 class) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| | | | | | | |

vivo X100 | ZEISS

# സാമൂഹികാവബോധം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സാമൂഹിക അവബോധം വളർത്തൽ | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ സംവാദങ്ങൾ, ക്ലാസ്തലത്തിൽ സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ. | | |
| 2 | ഫീൽഡ് ട്രിപ്പ് | പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | | ക്ലാസ്സ് ടീച്ചർ. | | |

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 3 | പ്രാദേശിക അറിവ് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | എസ്. എസ്. ജി. | | |

vivo X100 | ZEISS
08/18/2025, 13:10

# സർഗവേദി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സർഗ വേദി | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ വേദി നടത്തൽ, വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ | എല്ലാ ആഴ്ചയിലും | എസ്. ആർ. ജി | | |
| 2 | ടാലന്റ് ലാബുകൾ | നൃത്തം, ആലാപനം, ക്രാഫ്റ്റ് വർക്ക്, ചിത്ര രചന, പെയിന്റിംഗ് തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | എസ്. ആർ. ജി | | |
| 3. | പ്രകടന വേദികൾ | കുട്ടികളുടെ മികവുകൾ സോഷ്യൽ മീഡിയ വഴി സമൂഹവുമായി പങ്കുവെയ്ക്കൽ | ജൂൺ- മാർച്ച് | എസ്. ആർ. ജി. | | |

# ആരോഗ്യ - കായികവിദ്യാഭ്യാസം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ — മാർച്ച് | SRG | | |

# ഉപസംഹാരം.

നമ്മുടെ വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് പി ടി എ, എം.പിടിഎ ഒ എസ് എ എന്നിവരുടെ സാന്നിധ്യത്തിൽ , വിദ്യാലയത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ചും വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്താണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ വിഭാവനം ചെയ്യുന്ന ഓരോ പ്രവർത്തനങ്ങളും ഒരോരുത്തരും തങ്ങളുടെ കർത്തവ്യമായി കണ്ടുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുമെന്നു പ്രതീക്ഷിക്കുന്നു.

# നിർവഹണ ചുമതല

ബേബി. കെ. ബി - ഹെഡ്മിസ്ട്രസ്സ്

ഷാഹിന ഷെജ്ജിർ - പി ടി എ പ്രസിഡന്റ്

സജിന. - എം. പി. ടി. എ പ്രസിഡന്റ്

ഹസീന

അസ്മാബി. കെ. ടി

ബെൻഷി. സി. ഡി

ഗിരി

സഫീന

റസീന.